# പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2781 14.12.2015 ലെ മറുപടിക്ക്

**<u>എരിമയൂർ, കുഴൽമന്ദം സ്വയംപര്യാപ്ത ഗ്രാമം പദ്ധതി</u>**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം.ചന്ദ്രൻ** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** |
| (എ) | സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ആലത്തൂർ നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത എരിമയൂർ പഞ്ചായത്തിലെ കുണ്ടുകാട് കോളനി, കുഴൽമന്ദം പഞ്ചായത്തിലെ പെരമ്പിലംകാട് കോളനി എന്നിവിടങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; | (എ) | സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ആലത്തൂർ നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത എരിമയൂർ പഞ്ചായത്തിലെ കുണ്ടുകാട് കോളനി, കുഴൽമന്ദം പഞ്ചായത്തിലെ പെരച്ചിലംകാട് കോളനി എന്നിവിടങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല. |
| (ബി) | ഇല്ലെങ്കിൽ പ്രസ്തുത നിർമ്മാണ / വികസന പുരോഗതി വ്യക്തമാക്കുമോ; | (ബി) | <u>കുണ്ടുകാട്</u><br>വീട് പ്ലാസ്റ്ററിംഗ്, കോൺക്രീറ്റ് റോഡ്, റോഡ് റീടെയിനിംഗ് വാൾ എന്നിവ പൂർത്തീകരിച്ചു. വാട്ടർ ടാങ്ക്, കുടിവെള്ള വിതരണം, ബോർവെൽ നിർമ്മാണം, എന്നീ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.<br><u>പെരച്ചിലംകാട്</u><br>കോൺക്രീറ്റ് റോഡ്, സൈഡ് റോഡ്, ഇലക്ട്രിക് പോസ്റ്റ് മാറ്റലും, ലൈൻ എക്സ്റ്റൻഷനും പൂർത്തിയായി. എസ്റ്റിമേറ്റ് 1,2,4 എന്നിവയിലെ കോൺക്രീറ്റ് റോഡും കിണറിന്റെ വൃത്തിയാക്കലും പുരോഗമിച്ചു വരുന്നു. |
| (സി) | പ്രസ്തുത വികസന പ്രവർത്തനങ്ങൾ എന്നത്തേക്ക്, പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | എത്രയും വേഗം പണി പൂർത്തിയാക്കുവാൻ ബന്ധപ്പെട്ട ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ